**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 628** **17-09-2025 - ൽ മറുപടിയ്ക്ക്**

**വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ വ്യവസായവകുപ്പ് വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ വ്യവസായവകുപ്പ് വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2249 സംരംഭങ്ങളിലായി 153.65 കോടി രൂപയുടെ നിക്ഷേപവും 4415 പേർക്ക് പ്രത്യക്ഷ തൊഴിൽ ലഭിക്കുകയും ചെയ്തു. കൂടാതെ, വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭകത്വ ബോധവല്ക്കരണ പരിപാടികളും, വിവിധ ട്രെയിനിങ്ങുകളും നടത്തുകയുണ്ടായി.<br><br>നാളിതുവരെ വിവിധ പദ്ധതികളിലായി ആനുകൂല്യം ലഭിച്ച സംരംഭങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>1) Margin Money Grant to Nano Units- 20<br><br>2) OFOE (One Family One Enterprise) -32 എണ്ണം<br><br>3) സംരംഭക സഹായ പദ്ധതി -7 എണ്ണം<br><br>4) MSME Insurance- 23 എണ്ണം<br><br>5) Nano Interest Subvention -3 എണ്ണം - 23,542 രൂപ സബ്സിഡി ലഭിച്ചു<br><br>6) പ്രധാനമന്ത്രി തൊഴിൽ ദായക പദ്ധതിയിൽ 83 യൂണിറ്റുകൾക്കായി 1,64,35,962 രൂപ അനുവദിച്ചു. |
| (ബി) | ഇക്കാലയളവിൽ പ്രസ്തുത നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിന് അനുമതി ലഭിച്ചശേഷം നാളിതുവരെ നടപ്പാക്കാൻ കഴിയാത്തതും ആരംഭിച്ചശേഷം പൂർത്തികരിച്ചിട്ടില്ലാത്തതുമായ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്; ഇവ ഓരോന്നിനുമായി | (ബി) | അനുമതി ലഭിച്ചശേഷം നാളിതുവരെ നടപ്പാക്കാൻ കഴിയാത്തതും ആരംഭിച്ചശേഷം പൂർത്തികരിച്ചിട്ടില്ലാത്തതുമായ പദ്ധതികളും പ്രവൃത്തികളും ഇല്ല. |

| | | | |
|---|---|---|---|
| | നീക്കിവച്ചിട്ടുള്ള തുക എത്രവീതമാണെന്ന് അറിയിക്കുമോ; വിശദമാക്കുമോ; | | |
| (സി) | ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നും ഇവ ഓരോന്നിനും നീക്കിവച്ചിട്ടുള്ള കേന്ദ്ര, സംസ്ഥാന, തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്രവീതമാണെന്നും വ്യക്തമാക്കാമോ; | (സി) | 1. പ്രധാനമന്ത്രി തൊഴിൽ ദായക പദ്ധതിയിൽ 83 യൂണിറ്റുകൾക്കായി 1,64,35,962 രൂപ അനുവദിച്ചു.<br>2. Raising and Accelerating Micro Small and Medium Enterprise Performance (RAMP) പദ്ധതി പ്രകാരം 1,40,000 രൂപ അനുവദിച്ചു.<br>ഇവ രണ്ടും കേന്ദ്ര വിഹിതമാണ്. മറ്റ് വിഹിതം ഇല്ല. |
| (ഡി) | ഇക്കാലയളവിൽ പ്രസ്തുത നിയോജക മണ്ഡലത്തിനായി വകുപ്പുമുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണ്; വർഷവും ഇനവും തിരിച്ചുള്ള വിവരം ലഭ്യമാകുമോ? | (ഡി) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നം. | ഇനം | 2021-22 | 2022-23 | 2023-24 | 2024-25 | 2025-26 |
|---|---|---|---|---|---|---|
| 1. | Margin Money Grant to Nano Units | 254000 | 748643 | 1756876 | 0 | 0 |
| 2. | One Family One Enterprise | | 23841 | 126004 | 160654 | 96405 |
| 3. | Entrepreneurs Support Scheme | | 677153 | 305024 | 179485 | 0 |
| 4. | MSME Insurance | 0 | 0 | 0 | 11647 | 6500 |
| 5. | ISS- Nano Interest Subvention | 15603 | 7939 | 0 | 0 | 0 |
| 6. | Prime Minister's Employment Guarantee Programme | 1805737 | 3617384 | 4958735 | 9671490 | 0 |
| 7. | Entrepreneurs Development Club | | 60000 | 40000 | 20000 | |

സെക്ഷൻ ഓഫീസർ